KERALA POLICE INFORMATION CENTRE
Ph: 0471 2318188 Email: *info.pol@kerala.gov.in*

No.69/PR/PIC/PHQ/17 Date : 03.04.2017

## സ്ക്വാഷ്, ബാസ്ക്കറ്റ്ബാൾ വേനൽക്യാമ്പിന് തുടക്കമായി

കേരള പോലീസ് സംഘടിപ്പിക്കുന്ന സ്ക്വാഷ്, ബാസ്ക്കറ്റ്ബാൾ വേനൽ ക്യാമ്പിന് പാളയം ചന്ദ്രശേഖരൻനായർ സ്റ്റേഡിയത്തിൽ തുടക്കമായി. സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ ക്യാമ്പിൽ പങ്കെടുക്കാനെത്തിയ കുട്ടികൾക്ക് പ്രഥമ പരിശീലനം നൽകി ഉദ്ഘാടനം നിർവഹിച്ചു. സ്പോർട്സ് ജനകീയമാക്കുന്നതിന്റെ ഭാഗമായി കേരള പോലീസിലേക്ക് കൂടുതൽ സ്പോർട്സ് താരങ്ങൾക്ക് അവസരം നൽകുന്നതിനും സ്പോർട്സിനും ഗെയിംസിനും കൂടുതൽ പേർക്ക് പരിശീലനം നൽകുന്നതിനും അവസരം ഒരുക്കുമെന്ന് ഉദ്ഘാടന ചടങ്ങിൽ സംസാരിച്ച തിരുവനന്തപുരം റേഞ്ച് ഐ.ജി.യും പോലീസ് സെൻട്രൽ സ്പോർട്സ് ഓഫീസറുമായ മനോജ് എബ്രഹാം പറഞ്ഞു.

റിട്ട. ഡെപ്യൂട്ടി കമാൻഡന്റും ബാസ്ക്കറ്റ്ബാൾ കോച്ചുമായ ജോസ് കുര്യൻ സ്വാഗതവും സെക്യൂരിറ്റി ഡെപ്യൂട്ടി കമാൻഡന്റും പോലീസ് സെൻട്രൽ ജോയിന്റ് സ്പോർട്സ് ഓഫീസറുമായ സുഭാഷ് ജോർജ് കൃതജ്ഞതയും രേഖപ്പെടുത്തി.

രണ്ടുമാസം നീണ്ടുനിൽക്കുന്ന പരിശീലന ക്യാമ്പ് മെയ് 31ന് സമാപിക്കും.

*********

**ഫോട്ടോ ക്യാപ്ഷൻ:**

**ഫോട്ടോ 1–** കേരള പോലീസ് സംഘടിപ്പിക്കുന്ന സ്ക്വാഷ്, ബാസ്ക്കറ്റ്ബാൾ വേനൽ ക്യാമ്പിന്റെ ഉദ്ഘാടന ചടങ്ങിനെത്തിയ സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ കുട്ടികൾക്ക് സ്ക്വാഷ് റാക്കറ്റ് നൽകുന്നു.

**ഫോട്ടോ 2–** കേരള പോലീസ് സംഘടിപ്പിക്കുന്ന സ്ക്വാഷ്, ബാസ്ക്കറ്റ്ബാൾ വേനൽ ക്യാമ്പിന്റെ ഉദ്ഘാടന ചടങ്ങിനെത്തിയ സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ കുട്ടികൾക്ക് ബാസ്ക്കറ്റ്ബാൾ നൽകുന്നു.

**ഫോട്ടോ 3–** കേരള പോലീസ് സംഘടിപ്പിക്കുന്ന സ്ക്വാഷ്, ബാസ്ക്കറ്റ്ബാൾ വേനൽ ക്യാമ്പിന്റെ ഉദ്ഘാടന ചടങ്ങിനെത്തിയ സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ കുട്ടികളോടൊപ്പം.

**ഫോട്ടോ 4–** കേരള പോലീസ് സംഘടിപ്പിക്കുന്ന സ്ക്വാഷ്, ബാസ്ക്കറ്റ്ബാൾ വേനൽ ക്യാമ്പിന്റെ ഉദ്ഘാടന ചടങ്ങിനെത്തിയ സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ കുട്ടികളോടൊപ്പം.